കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അപേക്ഷ നൽകിയ എല്ലാവർക്കും കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണികൾ സ്ഥാപിക്കേണ്ട കരാറുകാരൻ സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ 10-3-2015-ൽ ടെർമിനേറ്റ് ചെയ്ത് റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കരാർ നൽകി 2016 ഡിസംബർ മാസത്തോടുകൂടി മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കരവാളൂർ, ഇടമുളയ്ക്കൽ പഞ്ചായത്തുകളിലെ വിതരണ ശൃംഖല പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത സ്ഥലത്തെ അപേക്ഷകർക്ക് പുനലൂർ/കടയ്ക്കൽ വാട്ടർ അതോറിറ്റി ഓഫീസിൽ കണക്ഷനുവേണ്ട അപേക്ഷ നൽകാവുന്നതാണ്. (ചാർജ്ജ് ചെയ്ത ലൈനുകളെ സംബന്ധിക്കുന്ന വിവരങ്ങൾ മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റി ഓഫീസുകളിൽ ലഭ്യമാണ്.) നിലവിലുള്ള വ്യവസ്ഥപ്രകാരം ജപ്പാൻ പദ്ധതിയുടെ പൂർത്തീകരിച്ച വിതരണ പൈപ്പുകളിൽനിന്നും പൊതുമരാമത്ത് റോഡുകൾ ക്രോസ് ചെയ്ത് കുടിവെള്ള കണക്ഷൻ നൽകേണ്ട സാഹചര്യത്തിൽ അപേക്ഷകർ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതി

226 (891) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ; വിശദമാക്കുമോ ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. മഴവെള്ളം സംഭരിച്ച് ഊറ്റി കിണറുകൾ റീചാർജ് ചെയ്യുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമ ഭൂജലസംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും ഇറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ് കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ ഇറന്നകിണർ പരിപോഷിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി പൂർണ്ണമായും ഭൂജല വകുപ്പാണ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാനത്തുടനീളം 65 ലക്ഷം ഇറന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇറന്ന കിണറുകൾ കൃത്രിമമായി റീചാർജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിക്ക് ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നതിനും അതുവഴി ഭൂജല നിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതുവഴി വേനൽക്കാലങ്ങളിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയുടെ തോത്, പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുറയ്ക്കുവാനും സഹായകരമാകുന്നുണ്ട്.

പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര കുടിവെള്ള പദ്ധതി

227 (892) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര തുകയാണ് ഇതിനുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പണികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് ; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; ഇതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) റാന്നി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ജലനിധിയുടെ പദ്ധതിയും ഈ പദ്ധതിയും തമ്മിൽ ലിങ്ക് ചെയ്യുന്നതിനോ ഈ പദ്ധതിയിൽനിന്നും ജലനിധി പദ്ധതിക്ക് വെള്ളം നൽകുന്നതിനോ എന്തെങ്കിലും ധാരണകളോ, കരാറുകളോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; ഇത്തരത്തിൽ വെള്ളം ലഭ്യമാക്കുമ്പോൾ ജലനിധിയിൽനിന്നും വെള്ളത്തിനായി പണം ലഭിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുക ഗുണഭോക്താക്കൾ ജലനിധി പദ്ധതിയിൽനിന്നും വെള്ളമെടുത്താൽ കൊടുക്കേണ്ടിവരുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly